Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/2019/1264 (I) തീയതി: 04.05.2019

**സർക്കുലർ**

വിഷയം:- കൈറ്റ് - 2019 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷാഫലം സ്കൂളുകൾ മുഖേന അറിയുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- സ.ഉ.(സാധാ)നം.165/2018/പൊ.വി.വ തീയതി 10.01.18

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതി രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കാനുള്ള പ്രവർത്തനങ്ങൾക്കും പ്രയോജനപ്പെടുത്തുമെന്ന് സൂചന ഉത്തരവ് പ്രകാരം കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനും (കൈറ്റ്) സ്കൂളുകളും തമ്മിൽ ഒപ്പുവച്ച ധാരണാപത്രത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി. പരീക്ഷാഫലം വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും അധ്യാപകർക്കും ഏറ്റവും വേഗത്തിൽ ലഭ്യമാക്കുന്നതിന് വിപുലമായ സംവിധാനങ്ങൾ കൈറ്റ് ഈ വർഷവും ഒരുക്കിയിട്ടുണ്ട്. വ്യക്തിഗത റിസൾട്ടിനു പുറമെ സ്കൂൾ - വിദ്യാഭ്യാസ ജില്ല - റവന്യൂജില്ലാ തലങ്ങളിലുള്ള റിസൾട്ട് അവലോകനം, വിഷയാധിഷ്ഠിത അവലോകനങ്ങൾ, വിവിധ റിപ്പോർട്ടുകൾ, ഗ്രാഫിക്സുകൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന പൂർണ്ണമായ വിശകലനം പോർട്ടലിലും മൊബൈൽ ആപ്പിലും 'റിസൾട്ട് അനാലിസിസ്' എന്ന ലിങ്ക് വഴി ലോഗിൻ ചെയ്യാതെ തന്നെ മെയ് 6-ന് വൈകിട്ട് 3.00 മണി മുതൽ ലഭ്യമാകും. ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും **"Saphalam 2019"** എന്നു നൽകി ആപ് ഡൗൺലോഡ് ചെയ്യാം. നേരത്തെതന്നെ മൊബൈൽ ആപ് ഡൗൺലോഡ് ചെയ്തു വയ്ക്കുന്നത് എളുപ്പത്തിൽ ഫലം ലഭിക്കാൻ സഹായിക്കും. ഇതിനായി പ്രത്യേക ക്ലൗഡധിഷ്ഠിത സംവിധാനം കൈറ്റ് ഒരുക്കിയിട്ടുണ്ട്. സ്കൂൾതലത്തിൽ ഫലമറിയുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. എസ്.എസ്.എൽ.സി മാർച്ച് 2019-ലെ പരീക്ഷാഫലം മെയ് 6-ന് ഉച്ചയ്ക്ക് 2 മണിയ്ക്ക് പ്രഖ്യാപിക്കുമെന്ന് പരീക്ഷാഭവൻ സെക്രട്ടറി അറിയിച്ചതനുസരിച്ച്, ഔദ്യോഗിക പ്രഖ്യാപനം നടന്ന ഉടനെ www.results.kite.kerala.gov.in വെബ്സൈറ്റിലൂടെയും 'സഫലം 2019' എന്ന മൊബൈൽ ആപ് വഴിയും ഫലമറിയാം. മെയ് 5 ഞായറാഴ്ച അവധി ദിവസമായതിനാൽ 6-ആം തീയതി സ്കൂൾതലത്തിൽ ഫലം ലഭ്യമാക്കുന്നതിന് സ്കൂൾ പ്രഥമാധ്യാപകരും സ്കൂൾ ഐടി കോർഡിനേറ്റർമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്രത്യേക ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.

2. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് എൽ.പി-യു.പി സ്കൂൾ, ഹൈസ്കൂൾ, ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾപ്പെടെ 11769 സ്കൂളുകളിൽ കൈറ്റ് സൗജന്യമായി ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സൗകര്യം എസ്.എസ്.എൽ.സി. ഫലം അറിയുന്നതിന് പ്രയോജനപ്പെടുത്തേണ്ടതാണ്. അതത് സ്കൂൾ പ്രഥമാധ്യാപകർ ഇതിന് പ്രത്യേക സംവിധാനം സ്കൂൾ തലത്തിൽ ഒരുക്കേണ്ടതാണ്.

കെ. അൻവർ സാദത്ത്
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ സർക്കാർ, എയ്ഡഡ് എൽ.പി.-യു.പി., ഹൈസ്കൂൾ,
ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പ്രഥമാധ്യാപകർക്കും - (ജില്ലാ കോർഡിനേറ്റർ മുഖേന)

പകർപ്പ്:

- പൊതുവിദ്യാഭ്യാസ ഡയറക്ടർ - ആമുഖകത്ത് സഹിതം
- ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം (അറിവിലേക്ക്)
- ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം
- സെക്രട്ടറി, പരീക്ഷാഭവൻ - ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുന്നതിന്
- എല്ലാ ഡി.ഡി.ഇ., ഡി.ഇ.ഒ., എ.ഇ.ഒ.മാർക്കും
- എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും / കരുതൽ ഫയൽ